"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കേരളത്തിലെ മലയോര ഹൈവേ പദ്ധതിയുടെ അലൈൻമെന്റ് സർക്കാർ മുൻകൂർ അനുവാദമില്ലാതെ പുതുക്കിയ പി.എം.യു -കെ.ആർ.എഫ്.ബി പ്രോജക്ട് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

**പൊതുമരാമത്ത്(എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.26/2024/PWD തീയതി, തിരുവനന്തപുരം, 15-06-2024

പരാമർശം:-

1. സ.ഉ(കൈ) നം.44/2009/പൊമവ തീയതി 06/07/2009
2. സ.ഉ(സാധാ) നം.942/2017/പൊമവ തീയതി 10/07/2017
3. ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 5/10/2021, 21/12/2021, 12/01/2022, 25/02/2022, 15/03/2022, 10/11/2022 തീയതികളിൽ ചേർന്ന യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ
4. പ്രോജക്ട് ഡയറക്ടർ, പി.എം.യു-കെ.ആർ.എഫ്.ബി യുടെ 21.12.2022, 20.01.2023, 30.12.2023 തീയതികളിലെ PDKRFB/713/2022-PE5 നം. കത്തുകൾ

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന മലയോര ഹൈവേയുടെ അലൈൻമെന്റ് പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിക്കുകയും തുടർന്ന് പരാമർശം (2) പ്രകാരം മലയോര ഹൈവേ പദ്ധതിയ്ക്ക് 3500 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നല്കുകയുണ്ടായി. 54 സ്ട്രെച്ചുകളുൾപ്പെട്ട പ്രസ്തുത പദ്ധതി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി പി.എം.യു-കെ.ആർ.എഫ്.ബി മുഖേനയാണ് നടപ്പിലാക്കുന്നത്.

2. എന്നാൽ മേൽ പ്രകാരം അംഗീകരിക്കപ്പെട്ട സ്ട്രെച്ചുകളിൽ സൗജന്യ ഭൂമി ലഭ്യത, വനഭൂമി ലഭ്യത എന്നിവയിൽ ഉണ്ടായ തടസ്സം നിമിത്തവും ചില സ്ട്രെച്ചുകളിൽ കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത സാഹചര്യം വന്നതിനാലും മലയോര ഹൈവേ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. തുടർന്ന് പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമായ ബദൽ അലൈൻമെന്റുകൾ സംബന്ധിച്ച് നാറ്റ്പാക്ക് പഠനം നടത്തുകയും അതിൻ പ്രകാരം ശിപാർശ ചെയ്ത ബദൽ അലൈൻമെന്റുകൾ പരാമർശം (3) പ്രകാരം ചേർന്ന യോഗങ്ങൾ അംഗീകരിക്കുകയുണ്ടായി.

3. ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെട്ട മലയോര ഹൈവേ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതിക്ക്

കാത്തിരിക്കാതെ, പ്രസ്തുത ബദൽ അലൈൻമെന്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കി പി.എം.യു-കെ.ആർ.എഫ്.ബി, കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിക്കുകയും പുതുക്കിയ അലൈൻമെന്റുകൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായതിനെ തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കി പദ്ധതി നടത്തിപ്പ് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നതായും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ മലയോരഹൈവേയുടെ അലൈന്മെന്റ് പുതുക്കിയ നടപടി സാധൂകരിക്കണമെന്നും പ്രോജക്ട് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. മലയോരഹൈവേ പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റ്, സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ അനുബന്ധമായി ചേർത്തിരിക്കും പ്രകാരം പുതുക്കിയ പി.എം.യു - കെ. ആർ. എഫ്. ബി പ്രോജക്ട് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പകർപ്പ്:

പ്രോജക്ട് ഡയറക്ടർ, പി.എം.യു-കെ.ആർ.എഫ്.ബി, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം.നം.2213)

ധനകാര്യ(ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്(ഇൻഫ്രാ7/32/2023-ഫിൻ തീയതി 08.11.2023)

ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (എച്ച്2/269/2022/പൊ.മ.വ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 15-06-2024 18:14:09
സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ.

ANNEXURE

# HILL HIGHWAY NEW ALIGNMENT

| No. | District | Old Alignment | New alignment | | |
|---|---|---|---|---|---|
| | | | New alignment | Alignment changed portion | Reason |
| 1 | Kasaragod | Nandarapadavu-Puthige-Perla-Badhiyadukka-Mulleria-Athinadi — Pandy —Paduppu- Bandhadukka-Irinjilamkode-Kolichal-Pathinettam Myle-Vallikkadavu — Chittarikkal Cherupuzha | Nandarappadavu- Sungathakka - Morthana - Baikkatta - Paivalikke — Chevar-Angadimogar — Ediyadukka-Mulleria - Padiyadhadkka- Edapparamba-VellacheryPandy- Kavungal-Sankarampady-Paduppu- Bandhadukka-ChoorithoduManadukkam-Kolichal- 18th mile-MalomVallikadavu- Chittarikkal-Cherupuzha | NO CHANGE (detailed route mentioned in new alignment) in original alignment | NO CHANGE (detailed route mentioned in new alignment) in original alignment |
| 2 | Kannur | Cherupuzha-ManjakkadAlakkode—Karuvanchal-Thavukunnu-Naduvil-ChemberiPayyavoor-Ulikkal-Vallithod-Anapanthi-Karikkottakari-EdoorAaralam-Kappukadavu-Perumbunna-MadappurachalManathana-Kottiyoor-Ambayathod-Boys Town | Cherupuzha-Manjakkad-Alakkode—Karuvanchal-Thavukunnu-NaduviI-Chemberi-Payyavoor-Ulikkal-Vallithod-Anapanthi-Karikkottakari-Edoor-AaralamKappukadavu-Perumbunna-Madappurachal-Manathana-AmbayathodBoys Town | NO CHANGE in original alignment | NO CHANGE in original alignment |

| | | | | | |
|---|---|---|---|---|---|
| 3 | Wayanad | Boys Town — Mananthavady -4th mile- Anchukunnu- Panamaram Kainatty-Kalpetta — KappamkollyMeppadi- ChooralmalaArunappuzha | Boys Town- Mananthavady- Kalpetta Meppadi- **Kalladi- (Wayanad tunnel) Maripuzha** & Boys Town- Valad- **Kunhome Niravilpuzha- Chunkakutty** | **Kalladi- (Wayanad tunnel) Maripuzha**<br><br>**Kunhome Niravilpuzha- Chunkakutty** | Alignment changed due to Objection from Forest dept in giving clearance in Chooralmala Aranappuzha reach |
| 4 | Kozhikode | Boys Town-Valad-Kunhome- Vilangad-Kallachi- KadiyangadThalayad- KodencheryThiruvambadi- Kudaranji — Kumbara- KakkadampoyilVeliyamthode | **Chunkakutty- Poothampara- Moonamkai Thottilpalam- Mullankunnu- Chavaramuzhi bridge- Peruvannamuzhi** 28th mile- Thalayad- Malapuram- Kodenchery- Pullurampara- Kakkadampoyil<br><br>**& Maripuzha- Anakkampoyil- Pullurampara** | **Chunkakutty- Poothampara**<br><br>**Moonamkai Thottilpalam**<br><br>**Mullankunnu- Chavaramuzhi bridge- Peruvannamuzhi**<br><br>**Maripuzha- Anakkampoyil- Pullurampara** | Alignment changed due to:<br>1. Objection from Forest dept in giving clearance in Valad- Kunhome-Vilangad reach<br>2. Connectivity from Wayanad after alignment change |
| 5 | Malappuram | Arunappuzha-ThampurattikalluPalunda- Edakara-Karulayi- Moothedam- PookkottumpadamKalikavu-Keralam- Kizhakkethala(Karuvarakundu)Tharishu -Pulvetta-KaringalthoniPonpara | Kakkadampoyil- Moolepadam- NilamburPookkottumpadam- Kalikavu- **Karuvarakund- Chirakkal- Melattur Ucharakkadavu- Kanjirampara** | **Karuvarakund- Chirakkal- Melattur Ucharakkadavu- Kanjirampara** | Alignment changed due to:<br>1) Objection from Forest dept for giving clearance in Aranappuzha — Thampurattikallu reach (omitted this reach)<br>2) For connectivity after alignment change in Palakkad (Kizhakkethala - Tharishu- PulvettaKaringalthoni-Ponpara reach) |

| | | | | | |
|---|---|---|---|---|---|
| 6 | Palakkad | Ponpara-Edathinattukara-Kappuparambu-ThiruvizhamkunnuKottappadam-KumaramputhoorMannarkkad-Chandranagar(Palakkad — Town)-Kallingal-Puthunagaram-KollegodeNenmara-Vadakkumcheri | **Kanjirampara — Alungal — Palakkazhi- Alanallur — Kottopadam — Mannarkkad — Thachampara — Karimba — Kalladikode — Mundur — Muttikulangara - Koottupatha junction - (Kumaramputhoor-Chandranagar- Koottupatha through NH)- Gopalapuram-Kaikatty- Meenakshipuram (Moolakada) - Kannimarimedu-Meenkara dam- Nedumani-Kollengode bypass — Panangattiri (Vattekkad)- VithanasseryNenmara bypass - Ayinampadam — Vadakkumcheri Thangom junction- (NH) Panthalampadam** | **Kanjirampara – Kumaramputhoor**<br><br>**Kumaranpurathur to Koothupatha**<br><br>**Koothupatha to Gopalapuram**<br><br>**Gopalapuram to Nedumani**<br><br>**Nedumani to Panangattiri – Kollengode Bypass**<br><br>**Panangattiri to Thankom Junction** | Alignment changed in the whole Palakkad district due to non availability of free surrender land for Hill Highway development |
| 7 | Thrissur | Pattikkad-Vilangannoor-Manthamangalam-PulikkanniPalippilli-Nayattukundu-Vellikulangara-Vettilappara | Panthalampadam- (NH)-PattikadVilangannur- Pulikanni-VellikulangaraVettilappara | NO CHANGE in original alignment | |
| 8 | Ernakulam | Vettilappara-Adivaram-KadapparaIllithode-Chettinada-PanamkuzhiPayyal-Kottappdi-CheladUnjappara-Nadukani-Neriamangalam-6th mileEdaplasseri | **Vettilappara - Nellichode - Cutting Junction - Vellappara - Eladakkad - Chulli Manjapra - Eucali Junction- Illithode Abhayaranyam (elevated road)- Chettinada-** Cheranganal- Neriamangalam 6th mile | **Vettilappara – Manjapra-Eucali Junction**<br><br>**Illithode - Abhayaranyam (elevated road)-Chettinada** | Alignment changed due to Objection from Forest dept for giving clearance in Vettilappara Adivaram-Kadappara-Illithode-Chettinada-Panamkuzhi-Payyal-Kottappdi-Chelad-UnjapparaNadukani reach |

| | | | | | |
|---|---|---|---|---|---|
| 9 | Idukki | Kuruthikkudi- Perumbankuthu-Mankulam-Kallar-lruttukanamKunchithanni-Rajakkad-KuthunkalThingalkkad-Myladumpara-Nedumkandam-Puliyanmala-Kattappana-Elappara-KuttikkanamMundakkayam | **6th mile- (NH 566)- Iruttukanam – Anachal (Althara)- Chithirapuram -Power house - Power house jn-Kunchithanni - Ellackal -** Valiyamullakkanam - Rajakkadu-Kuthunkal Myladumpara - Puliyanmala - Kattapana Kuttikanam — Mundakayam | **Iruttukanam Elakkal Bridge** | Alignment changed due to:<br>1) Objection from Forest dept for giving clearance in Kuruthikkudi-Perumbankuttu-MankulamKallar-lruttukanam reach<br>2) Due to steep gradient in IruttukanamKunjithanni reach |
| 10 | Kottayam | Mundakkayam-Erumeli-Placheri | Mundakkayam-Erumeli-Placheri | NO CHANGE in original alignment | NO CHANGE in original alignment |
| 11 | Pathanamtitta | Ranni-Kumbhazha-Konni Pathanapuram | Placheri- Ranni- Kumbazha-KonniPathanapuram | NO CHANGE in original alignment | NO CHANGE in original alignment |
| 12 | Kollam | Pathanapuram-Punalur-AnchalKulathupuzha-Madathara-Kollayil | Pathanapuram- Kallukadavu jn- Punalur TB jn- Punalur KSRTC jn-AgasthyakodeAlencherry- Anchal-KulathupuzhaMadathara-Kollayil | NO CHANGE in original alignment | NO CHANGE in original alignment |

| | | | | | |
|---|---|---|---|---|---|
| 13 | Trivandrum | Kollayil - Palode — Peringammala Thennur- Vithura- ThottamukkuMalayadi-Parandodu- AryanadKuttichal-Kallikkad- VazhichalAmboori- KudappanamooduAanappara-Vellarada- KarakkonamParassala | Kollayil- Challimukku- Palode- Peringammala- Guard station- Thennur- Ponnanchund- Koppam- Vithura Kalingu jnIruthalamoola- Aryanad- Kuttichal- Kallikkadu- **Vazhichal- Kudappanamoodu** Vellarada- Parassala | **Vazhichal- Kudappanamoodu** | Alignment changed due to non-availability of free surrender land for Hill Highway development in Vazhichal- Amboori- Kudappanamoodu reach |